പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 482 **30.06.2016-**ലെ മറുപടിക്ക്

## ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനായുള്ള പദ്ധതി മുൻഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ഒരു പദ്ധതി വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്നുണ്ട്. ഇത് പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ 30063 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്ക് എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഭൂരഹിതരും 50.000/- രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവരുമായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി വീട് നിർമ്മിക്കുവാൻ ഭൂമി ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (സി) | പദ്ധതി നടത്തിപ്പിനായി മുൻവർഷങ്ങളിലേതു പോലെ എല്ലാ വർഷവും ബഡ്ജറ്റിൽ നിശ്ചിത തുക വകയിരുത്തുകയും ആയത് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2011-12-ൽ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അനുവദിച്ചിരുന്ന 1.75 ലക്ഷം, 2 ലക്ഷം രൂപ എന്നിവ യഥാക്രമം 2 ലക്ഷവും, 3 ലക്ഷവും ആയി വർദ്ധിപ്പിച്ചു. 2014-15-ൽ പഞ്ചായത്തുകളിൽ ചുരുങ്ങിയത് 5 സെന്റ് സ്ഥലം വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുൻസിപ്പാലിറ്റികളിൽ 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 4.5 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപയുമായി ധനസഹായ തുക വർദ്ധിപ്പിക്കുകയുണ്ടായി. |
| (ഡി) | പദ്ധതി നടത്തിപ്പിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചതെന്ന് വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം കുറച്ചു കൊണ്ട് വരുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

Rashmi

സെക്ഷൻ ഓഫീസർ